LIBRARY ARCHIVES Kerala Legislative Assembly

ഹൗസിംഗ് ബോർഡ് നൽകിയിട്ടുള്ള ലോണുകൾ

270 [3248] *ശ്രീ. പി. സി. ജോർജ്ജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡ് രൂപീകൃതമായതിനുശേഷം എത്ര ആളുകൾക്ക് ലോൺ കൊടുത്തു;

(ബി) ഇതിൽ എത്രപേർ കൃത്യമായി ലോൺ തിരിച്ചടച്ചു;

(സി) ലോൺ തിരിച്ചടയ്ക്കാത്തവർക്കെതിരെ നടപടി സ്വീകരിച്ചതിൽ എത്രപേർ ഭവനരഹിതരായി;

(ഡി) ഇപ്പോൾ ലോൺ എടുത്ത എത്രപേർ ആർ. ആർ. നേടിടുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏകദേശം 626,801 പേർക്ക് ഭവനവായ്പ അനുവദിച്ചിട്ടുണ്ട്.

(ബി) — (ഡി) വിവരം ശേഖരിച്ചുവരുന്നു.

കൃഷിഭൂമിയുടെ ഉടമസ്ഥരായ കർഷകത്തൊഴിലാളികൾ

271 [3249] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭൂമിയുടെ ഉടമസ്ഥരായി എത്ര കർഷകത്തൊഴിലാളികൾ കേരളത്തിലുണ്ട്; അവരിലോരോരുത്തരുടെയും ഉടമസ്ഥതയിലുള്ള കൃഷിഭൂമിയുടെ വിസ്തൃതി, ഏറ്റവും കുറഞ്ഞ വിസ്തൃതിയും, ഏറ്റവും കൂടിയ വിസ്തൃതിയും എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കൃഷിഭൂമിയുടെ ഉടമസ്ഥരല്ലാത്ത എത്ര കർഷകത്തൊഴിലാളികൾ സംസ്ഥാനത്തുണ്ട്;

(സി) കർഷകത്തൊഴിലാളികളെ കൃഷിഭൂമിയുടെ ഉടമസ്ഥരാക്കി മാറ്റുക എന്ന സ്വാതന്ത്ര്യസമരകാലത്തെ കറാച്ചി കോൺഗ്രസിന്റെ പ്രമേയത്തിന്റെ ലക്ഷ്യം സാധിതപ്രായമാകത്തക്ക തരത്തിൽ പരിഷ്കരണനിയമം കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?